# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4654

13.11.2019 ൽ മറുപടിയ്ക്ക്

### കള്ള് വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ പുതിയ മദ്യ നയത്തിന്റെ ഭാഗമായി വിദേശ മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതുമൂലം പരമ്പരാഗത കള്ളുചെത്ത് വ്യവസായം പ്രതിസന്ധിയിലാണെന്നത് വസ്തുതയല്ലേ; | (ബി) | പരമ്പരാഗത കള്ളുചെത്ത് വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര കള്ള് ഷോപ്പുകൾ ഉണ്ട്; 2019 ഏപ്രിലിന് ശേഷം കള്ള് ഷോപ്പുകൾ ഏറ്റെടുക്കുവാൻ ലൈസൻസികൾ വിസമ്മതിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് അനുവദിക്കപ്പെട്ടിട്ടുള്ള കള്ളുഷാപ്പുകൾ 5171 എണ്ണമാണ്. ഇതിൽ 4247 കള്ളുഷാപ്പുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 2019 ഏപ്രിലിനുശേഷം സംസ്ഥാനത്ത് 14 ഗ്രൂപ്പുകളിലായി 76 കള്ളുഷാപ്പുകൾ ഏറ്റെടുക്കുവാൻ ലൈസൻസികൾ തയ്യാറായിട്ടില്ല. |
| (ഡി) | കള്ള് വ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കള്ളുവ്യവസായത്തെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2016-17 കാലയളവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ ഷാപ്പുകളും അതാത് സ്ഥലത്ത് തന്നെ ദൂരപരിധി ബാധകമല്ലാതെ പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>ഒരു ഗ്രൂപ്പിലെ തന്നെ കള്ളുഷാപ്പുകൾ വിവിധ ലൈസൻസികൾക്ക് ഉടമ്പടിയിന്മേൽ വെവ്വേറെ ലൈസൻസ് ചെയ്യുന്നതിനും സർക്കാർ |

| | | | |
|---|---|---|---|
| | | | ഉത്തരവായിട്ടുണ്ട്. തദ്വാര ഏതെങ്കിലും ഒരു ഷാപ്പിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ആ ഗ്രൂപ്പിലെ എല്ലാ ഷാപ്പുകളും അടപ്പിക്കുന്ന സ്ഥിതി ഒഴിവാക്കാനായിട്ടുണ്ട്.<br>2019-20 വർഷത്തിൽ ലൈസൻസ് പുതുക്കി നൽകിയിട്ടില്ലാത്ത കള്ളുഷാപ്പുകൾ തുടർന്നും വിൽപ്പന നടത്തുന്നതിനും വിൽപ്പനയിൽ പോകാത്ത ഷാപ്പുകൾ 10% വീതം റെന്റൽ തുകയിൽ കുറവ് വരുത്തി 50% വരെ റെന്റൽ തുക ഒഴിവാക്കി വിൽപ്പന നടത്തുവാനും അങ്ങനെയും വിൽപ്പനയിൽപോകാത്ത ഷാപ്പുകൾ ഷാപ്പ് ഒന്നിന് 500/-രൂപ മാത്രം ഈടാക്കി തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഇ) | റ്റോഡി ബോർഡ് രൂപീകരിക്കുമെന്ന പ്രഖ്യാപനം നീണ്ടു പോകുന്നതിനുള്ള കാരണമെന്താണെന്ന് അറിയിക്കാമോ? | (ഇ) | കള്ളുവ്യവസായവുമായി ബന്ധപ്പെട്ട തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലും ജീവിതസുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിനുണ്ടാകുന്ന പ്രയോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ